**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5184** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സ്ഥലപരിമിതി കാരണം മറ്റൊരിടത്തേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥല പരിമിതി പരിഹരിക്കുന്നതിലേക്കായി ആധുനിക സൗകര്യങ്ങളോടു കൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി കോഴിക്കോട് നഗര പരിധിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി കോഴിക്കോട് നഗര പരിധിയിൽ സ്ഥലം നിലവിൽ കണ്ടെത്തിയിട്ടില്ല. |
| (സി) | കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ 401/1 A2 ൽപ്പെട്ട സ്ഥലം പരിശോധിച്ച് അനുയോജ്യമാണെന്ന് ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്, കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ.401/1A2 ൽപ്പെട്ട സ്ഥലവും കൂടാതെ മറ്റ് മൂന്ന് സ്ഥലങ്ങളും സ്ഥാപനത്തിന്റെ ലാന്റ് അക്വിസിഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ അനുയോജ്യമായ സ്ഥലം ഒരാഴ്ചക്കുള്ളിൽ ശുപാർശ ചെയ്യുന്നതിലേക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള കോളേജിൽ നിന്ന് ഏറ്റവും അടുത്തുള്ളതും നാഷണൽ ഹൈവേ 766 ന് സമീപത്തുള്ളതുമായ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ? ഇതിനുവേണ്ടി കോഴിക്കോട് സിറ്റി പരിധിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ? | (ഡി) | ഉണ്ട്, കോഴിക്കോട് താലൂക്ക് കുന്ദമംഗലം വില്ലേജിൽ റി.സ.401/1A2 ൽപ്പെട്ട സ്ഥലവും കൂടാതെ മറ്റ് മൂന്ന് സ്ഥലങ്ങളും സ്ഥാപനത്തിന്റെ ലാന്റ് അക്വിസിഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ അനുയോജ്യമായ സ്ഥലം ഒരാഴ്ചക്കുള്ളിൽ ശുപാർശ ചെയ്യുന്നതിലേക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ